TABLOID
# TREND INFO

PUBLISHED BY:
TEAM RESOURCE FOR EDUCATION AND NATIONAL DEVELOPMENT
COORDINATOR: SWALIH IDUKKI | 9495887440

SKSSF TREND KERALA STATE COMMITTEE, CALICUT, KERALA, INDIA-673002
08 JULY 2020 | ISSUE 19



## ആത്മഹത്യകൾ പെരുകുമ്പോൾ

റാഷിദ് ഗസാലി

കോവിഡ് ഭീതിയുടെ വർത്തമാനങ്ങൾ നമ്മെയാകെ അസ്വസ്ഥതയുടെ ഇരുളടഞ്ഞ ലോകത്തേക്ക് വഴിനടത്തുമ്പോൾ, ഏറെ സങ്കീർണമായ ഒരു പ്രശ്നം കൂടി നാമറിയാതെ പടർന്നു പിടിക്കുന്നുണ്ട്... നിരാശയുടെ പാരമ്യതയിൽ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്ന ഒരു പുതിയ തലമുറ...

Suicide is a permanent solution for a temporary problem, ഒരു താൽകാലിക പ്രശ്നത്തിനുള്ള സ്ഥായിയായ പരിഹാരമാണ് ആത്മഹത്യ എന്നു പറയാറുണ്ട്. ഇത്തരം അപക്വമായ തീരുമാനങ്ങളെടുത്ത് ജീവനൊടുക്കുന്ന ഒരു തലമുറയെ പഴിപറഞ്ഞ് പരിതപിച്ചത് കൊണ്ട്മാത്രം പരിഹാരമാവില്ല, വേരുകൾ ചികഞ്ഞ് മനസ്സുകൾ ഭദ്രമാക്കാനുള്ള ഫലപ്രദമായ ചുവടുകൾ കൂടിയുണ്ടാവണം നമുക്കിടയിൽ...

പ്രശ്നം നിസ്സാരമാണ്, പങ്കുവെക്കാൻ വിശ്വസ്തരായ പങ്കാളികളില്ല, ചേർത്തുവെക്കാൻ സ്നേഹമുള്ള സുഹൃത്തുക്കളില്ല, തിരിച്ചറിയാൻ വിശാലമനസ്കതയുള്ള രക്ഷിതാക്കളില്ല, കൈപിടിക്കാനും ദിശ പകർന്നുതരാനും വഴികാട്ടികളുമില്ല... ഇതൊക്കെയാണ് പലരുടെയും ദുരന്തപൂർണമായ അന്ത്യത്തിനു പിന്നിലെ യഥാർത്ഥ കാരണങ്ങൾ...

പ്രശ്നങ്ങളും പ്രതിസന്ധികളുമില്ലാത്തവർ ആരുമില്ല ഈ ലോകത്ത്, കൃത്യമായ ഇടപെടലുകൾ ഉചിതമായ സമയത്ത് ലഭിച്ചാൽ ആത്മവിശ്വാസത്തോടെ അവയെ മറികടക്കാൻ കഴിയുക തന്നെ ചെയ്യും. ആശങ്കാകുലരാകുന്നതിന് പകരം നമുക്ക് വേണ്ടത് പ്രധാനമായും മൂന്നുകാര്യങ്ങളാണ്...

1- നിരുപാധികമായ കേൾവി: അല്ലാഹു രണ്ടു കാതുകൾ മനുഷ്യന് നൽകി ഈ ലോകത്തെ ക്രമപ്പെടുത്തിയത് തന്നെ കേൾക്കപ്പെടേണ്ട ഒരു ലോകത്തിന്റെ വൈപുല്യത്തെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ്. വീടിനകത്തും അടുത്ത സൗഹൃദങ്ങളിലും തുറന്നു സംസാരിക്കുന്നവർക്കിടയിൽ ഇത്തരം പ്രവണത തുലോം വിരളമാണ്. പറഞ്ഞു തുടങ്ങുമ്പോൾ തന്നെ നിരുത്സാഹപ്പെടുത്തുന്ന വീട്ടകങ്ങളിൽ മുഖഭാവങ്ങൾ പോലും തിരിച്ചറിഞ്ഞ് എല്ലാം കേൾക്കാനും മനസ്സുതുറന്ന് പങ്കുവെക്കാനുമുള്ള പോസിറ്റീവ് ആയ അന്തരീക്ഷം സൃഷ്ടിച്ചെടുക്കണം

2- ക്രിയാത്മകമായ സൗഹൃദങ്ങൾ: കൂടെ നിൽക്കുകയും ആസ്വദിക്കുകയും ഒക്കെ ചെയ്യുമ്പോഴും തിരുത്തുകയും ശക്തിപകരുകയും ചെയ്യുന്ന ആത്മവിശ്വാസവും സദ്ചിന്തയുമുള്ള നല്ല കൂട്ടുകെട്ടുകൾ ഉണ്ടാക്കിയെടുക്കുക... ഭുമിയിലെ സൗഭാഗ്യങ്ങൾ എണ്ണി പറഞ്ഞതിൽ പ്രവാചകൻ തിരുമേനി പങ്കുവെച്ചത് നല്ല ചങ്ങാതിമാർ ഉണ്ടാകുക എന്നതാണ്. മികവാർന്ന സൗഹൃദങ്ങൾ നമ്മുടെ വഴികേടുകളെ എളുപ്പത്തിൽ തിരിച്ചറിയുകയുകയും സ്നേഹവലയത്തിൽ നാമറിയാതെ നമ്മെ ശരിപ്പെടുത്തുകയും ചെയ്യും. മോശം കൂട്ടുകെട്ടുകൾ നാം പോലുമറിയാതെ, നമ്മെ ചതിക്കുഴികളിൽ കൊണ്ടെത്തിക്കുമെന്നത് ഇന്നിന്റെ അനുഭവ സാക്ഷ്യങ്ങളാണ്...

3- പ്രാർത്ഥനയും വിശ്വാസവും ജാഗ്രവത്താക്കുക: ആത്മീയമായ ബോധ്യവും, ആധ്യാൽമികമായ പ്രസരിപ്പും, ഹൃദയ ചൈതന്യമുള്ള ജീവിതവും നല്ല ഗുരുക്കന്മാരിലൂടെയും സദ്സംഘങ്ങളുടെ സഹവർത്തിത്വത്തിലൂടെയും നമ്മുടെ മക്കൾക്ക് നാം പകർന്നു നൽകണം... ആരാധനകൾ ചെയ്യുന്നുവെന്നത് കൊണ്ട് മാത്രമായില്ല, ഹൃദയാന്തരങ്ങളിൽ നൻമ വളരുന്നു എന്നുകൂടി നാം ഉറപ്പു വരുത്തണം, ദൈവസ്മരണ നിലനിൽക്കുന്ന ഹൃദയാന്തരങ്ങളിൽ എങ്ങനെയാണ് അശാന്തി പടരുക...

പ്രശ്നത്തെകുറിച്ച് വ്യാകുലപ്പെടുന്നതിനു പകരം, പരിഹാരങ്ങളെക്കുറിച്ച് വാചാലമാകുന്ന കൂട്ടായ്മകളാണ് നമ്മുടെ നാടിന് നന്മ വിതക്കുക, ട്രെൻഡിന്റെ ഈ സദുദ്യമം തീർച്ചയായും ഈ വഴിയിൽ ഒരു പ്രകാശ മരം തന്നെയാണ്

പ്രാർത്ഥനയോടെ,

## ട്രെന്റ് റിസോഴ്സ് ബാങ്ക്: സൂമെറ്റ് പരിശീലന പരിപാടികൾക്ക് തുടക്കമായി

കോഴിക്കോട്: എസ്.കെ.എസ്.എസ്.എഫ് ട്രെന്റ് റിസോഴ്സ് ബാങ്കിന് കീഴിലുള്ള പരിശീലകർക്കുള്ള ഒന്നാംഘട്ട പരിശീലന പരിപാടികൾക്ക് തുടക്കമായി. ഒരു മാസം നീണ്ട് നിൽക്കുന്ന പരിശീലന പരിപാടികളുടെ തുടക്കം ജെ.സി.ഐ മുൻ നാഷണൽ പ്രസിഡന്റും ലൈഫ് സ്കിൽ ട്രൈനറുമായ സന്തോഷ് കുമാർ നിർവ്വഹിച്ചു. ഒരു മാസക്കാലം നീണ്ട് നിൽക്കുന്ന 'സൂമെറ്റ്' പരിശീലന പരിപാടികൾക്ക് ട്രെന്റ് ഇന്റർ നാഷണൽ – നാഷണൽ ഫെലോ അടക്കമുള്ള പ്രശസ്ത ട്രൈനേഴ്സ് നേതൃത്വം നൽകും. പരിപാടിയിൽ ട്രെന്റ് കേരള ചെയർമാൻ റഷീദ് കൊടിയൂറ അദ്ധ്യക്ഷത വഹിച്ചു. ട്രെന്റ് റിസേർച്ച് ഫോറം കോർഡിനേറ്ററായ ഡോ. അബ്ദുൽ ഖയ്യും സ്വാഗതവും ട്രെന്റ് റിസോഴ്സ് ബാങ്ക് കോർഡിനേറ്റർ ജിയാദ് എർണാകുളം നന്ദിയും പറഞ്ഞു. ട്രെന്റ് സംസ്ഥാന സമിതി അംഗങ്ങളായ കെ.കെ മുനീർ വാണിമേൽ, അബ്ദുൽ ഹസീബ് ആലപ്പുഴ, മാലിക് ചെറുതുരുത്തി, എൻ.എ സിദ്ദീഖ്, അർഷദ് ബാഖവി തുടങ്ങിയവർ പങ്കെടുത്തു. സൂമെറ്റിൽ രണ്ടാമത് പരിശീലന പരിപാടിക്ക് റഹ്മതുള്ള ഖാസിമി മുത്തേടം നേതൃത്വം നൽകും.

## ഇഗ്നോ ജൂലൈ 31 വരെ അപേക്ഷിക്കാം

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ) ജൂലായിൽ ആരംഭിക്കുന്ന അക്കാദമിക് സെഷനലിലേക്കുള്ള ബിരുദ, ബിരുദാനന്തര ബിരുദ, പി.ജി. ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. റൂറൽ ഡെവലപ്മെന്റ്, കംപ്യൂട്ടർ അപ്ലിക്കേഷൻ, ടൂറിസം സ്റ്റഡീസ്, ഇംഗ്ലീഷ്, ഹിന്ദി, ഫിലോസഫി, എജ്യുക്കേഷൻ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സൈക്കോളജി, അഡൾട്ട് എജ്യുക്കേഷൻ, ഡെവലപ്മെന്റ് സ്റ്റഡീസ്, ജെൻഡർ ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്, ഡിസ്റ്റൻസ് എജ്യുക്കേഷൻ, ആന്ത്രപ്പോളജി, കൊമേഴ്സ്, സോഷ്യൽ വർക്ക്, ഡയറ്റിക്സ് ആൻഡ് ഫുഡ് സർവീസ് മാനേജ്മെന്റ്, കൗൺസലിങ് ആൻഡ് ഫാമിലി തെറാപ്പി, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് തുടങ്ങി വിവിധ വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തരബിരുദ, പി. ജി. ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം.

## മത്സര പരീക്ഷകൾക്ക് ഒരാമുഖം




വിദ്യാഭ്യാസ- തൊഴിൽ രംഗങ്ങളിൽ മത്സരം മുറുകിയ കാലമാണിത്. അതിനാൽ തന്നെ തിരഞ്ഞെടുത്ത വിഷയത്തിൽ കൂടുതൽ അറിവു നേടാനും പഠനശേഷം നേടാനുദ്ദേശിക്കുന്ന കരിയറിൽ കൂടുതൽ മികവു പുലർത്താനും നേരത്തെ തന്നെ ഒരുങ്ങേണ്ടതുണ്ട്. ബിരുദ പഠന കാലത്താണ് ഈയൊരു തിരിച്ചറിവ് വ്യാപകമായി വിദ്യാർത്ഥി സമൂഹത്തിൽ പ്രചരിക്കേണ്ടത്. കാലങ്ങളായി കൊണ്ടു നടക്കുന്ന കരിയർ മോഹങ്ങൾ ഏതെങ്കിലുമൊരു ബിരുദ വിഷയം തെരഞ്ഞെടുക്കുന്നത് കൊണ്ട് മാത്രം സഫലമാകില്ല. ലക്ഷ്യം കാണുകയും അത് നേടാനായി മത്സരിച്ച് പഠിക്കുകയും മത്സര പരീക്ഷകളിൽ വിജയിക്കാനാവശ്യമായ നൈപുണികൾ നേരത്തെ തന്നെ പരിശീലിച്ച് ആർജ്ജിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അതിജീവനം സാധ്യമാകൂ എന്ന് എണ്ണമറ്റ വിദ്യാർത്ഥികളുടെ കഥകൾ നമുക്ക് പറഞ്ഞു തരുന്നു. ബിരുദ പഠനം കഴിഞ്ഞ് കരിയറിനെക്കുറിച്ച് ചിന്തിക്കുന്നവരല്ല, പഠനാരംഭത്തിൽ തന്നെ മുഖ്യ അജണ്ടയായി മത്സരപ്പരീക്ഷകളും അതിനുള്ള ഒരുക്കങ്ങളും ആരംഭിക്കണം.

ഈയൊരു പാതയിലേക്ക് വിദ്യാർത്ഥികളെ വഴി നടത്തുന്ന വിദ്യാഭ്യാസ ശാക്തീകരണ പദ്ധതിയാണ് ട്രെന്റിന് കീഴിലുള്ള SPACE. ബിരുദ പഠന പ്രക്രിയയെ ഊർജസ്വലമാക്കുന്നതിനൊപ്പം പാഠ്യേ തര-വ്യക്തിഗത ശേഷികൾ പരിപോഷിപ്പിക്കാനും ഉചിതമായ ഒരു 'കരിയർ' നേടിയെടുക്കാനുമായി മാർഗ്ഗ നിർദ്ദേശങ്ങളും ലക്ഷ്യപരിചയവും നൽകി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് SKSSF TREND വേദിയൊരുക്കുകയാണ്.

അഭിമുഖം

## സൈബറിടം കൂടുതൽ ക്രിയേറ്റീവാകുന്നു.

തയ്യാറാക്കിയത്:
ഹാരിസ് അമീൻ വാഫി | 9744891561



എസ്.കെ.എസ്.എസ്.എഫ് സൈബർവിങ് എന്ന ഉപവിഭാഗം രൂപീകരിക്കുന്നതിന് മുൻപ് തന്നെ സംഘടനയുടെ ഓൺലൈൻ സംവിധാനങ്ങൾക്കൊപ്പം സഞ്ചരിച്ച മുബാറക്, 2016 ൽ സൈബർവിങ് രൂപീകരിച്ചപ്പോൾ മെമ്പറായും തുടർന്ന് മൂന്നു വർഷം കൺവീനറായും പ്രവർത്തിച്ചു. നിലവിൽ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട പശ്ചാത്തലത്തിൽ ട്രെൻഡ് ഇൻഫോയോട് സംസാരിക്കുകയാണ് മലപ്പുറം എടവണ്ണപ്പാറ സ്വദേശി മുബാറക്ക്.

**1. സൈബർ ലോകം നാശത്തിലേക്ക്, ഇന്റർനെറ്റ് വരുത്തുന്ന അപകടം തുടങ്ങിയ പ്രഭാഷണങ്ങൾ കേട്ടു നിർദേശങ്ങൾ വായിച്ചു വളർന്ന സമുദായം ഇ-ലോകത്ത് പ്രവർത്തിക്കുന്നതിനെ എങ്ങിനെ വിലയിരുത്തുന്നു?**

ഇന്റർനെറ്റ് വരുത്തുന്ന അപകടങ്ങൾ ഇപ്പോഴും നിലനിൽകുന്നുണ്ടല്ലോ, ഏതു പുതിയ ഒരു മാധ്യമം വരുമ്പോഴും അതിൽ ഗുണത്തേക്കാളേറെ ദോഷ വശങ്ങൾ ഉണ്ടാകും എന്നതിൽ സംശയമില്ല. ടെലിവിഷൻ ആണെങ്കിലും മൊബൈൽ ഫോൺ ആണെങ്കിലും ഇന്റർനെറ്റ് ആണെങ്കിലും അതിൽ മുഖ്യപങ്ക് വിനോദ കാര്യങ്ങളാണ്. അപ്പോൾ ഇതിനെ പൂർണമായും സ്വീകരിക്കുന്നതിലൂടെ ഇസ്ലാമികമായി ജീവിക്കുന്ന ഒരാളുടെ പല മൂല്യങ്ങളും നഷ്ടപ്പെടാൻ കാരണമാകും. അത് കൊണ്ടാണ് നമ്മുടെ ദീർഘ വീക്ഷണമുള്ള പണ്ഡിതർ അതിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി അക്കാലത്ത് ഇടപെടലുകൾ നടത്തിയത്. എന്നാൽ പിന്നീട് സമൂഹത്തിൽ ഈ മാധ്യമങ്ങൾ ഒഴിച്ചു കൂടാനാകാത്ത അവസ്ഥ വരുമ്പോൾ അതിലെ നന്മ മാത്രം സ്വീകരിക്കുക എന്ന നിലപാടിലേക്ക് മാറുക എന്നത് തന്നെയാണ് അതിന്റെ ഏറ്റവും മികച്ച ഇടപെടൽ.

**2. സൈബർവിംഗ് കൊണ്ട് SKSSF ലക്ഷീകരിക്കുന്നത് എന്താണ്?**

2010ലാണ് എസ്.കെ.എസ്.എസ്.എഫ് ആദ്യമായി സൈബർ സെൽ എന്ന പേരിൽ ഒരു ഉപഘടകം രൂപീകരിക്കുന്നത്. പിന്നീട് 2013ൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സൈബർവിങ് എന്ന പേരിലേക്ക് മാറുകയും യൂണിറ്റ് തലങ്ങളിൽ വരെ സൈബർവിങ് പ്രവർത്തകരെ തിരഞ്ഞെടുക്കുകയും ചെയ്തു. അതോടെ ഓൺലൈൻ രംഗത്തെ സജീവ സാന്നിധ്യമായി സൈബർവിങ് മാറി.

സംഘടനയുടെ ഓൺലൈൻ രംഗത്തെ മുഴുവൻ ഇടപെടലുകളും ഈ വിങ്ങിന്റെ ചുമതലയാണ്. ആശയാദർശ പ്രചാരണ പ്രവർത്തനങ്ങൾ, കാമ്പയിനുകൾ, സൈബർ സാക്ഷരത, സൈബർ സുരക്ഷ, നൂതന സംവിധാനങ്ങൾ സംഘടനക്ക് ഉപയോഗപ്പെടുത്തൽ, തുടങ്ങിയ കാര്യങ്ങൾ ആണ് ഈ വിങ്ങിന്റെ ചുമതലകളിൽ പ്രധാനം.

**3. മെമ്പർമാർക്കോ/സംഘടനാ ബന്ധുക്കൾക്കോ ആവശ്യമായ പരിശീലനം നടത്തുന്നത് എങ്ങിനെയാണ്?**

പരമ്പരാഗത മീഡിയകളിൽ നിന്നും വ്യത്യസ്തമാണ് ഓൺലൈൻ മീഡിയ എന്നത് കൊണ്ട് തന്നെ എഴുത്തുകളുടെ രൂപവും ഭാവവും വായനക്കാരനെ സ്വാധീനിച്ചാൽ മാത്രമേ അത് വായിക്കപ്പെടുകയുള്ളു. അത്കൊണ്ട് സംഘടനാ വാർത്തകളും മറ്റും ക്രിയേറ്റീവ് ആയി തയ്യാറാക്കാനായി ഈ വർഷം മുതൽ പി.ആർ ടീം എന്ന പേരിൽ ഒരു ടീമിനെ സജ്ജീകരിച്ചിട്ടുണ്ട്. ഇവർക്ക് ആവശ്യമായ പരിശീലനങ്ങൾ വരും ദിവസങ്ങളിൽ നടക്കും.

**4. ക്രിയേറ്റീവ് റൈറ്റിംഗിനും മറ്റു ഓൺലൈൻ എഴുത്തുകൾക്കും പുതിയ രീതി ആവശ്യമാണെന്ന് തോന്നുന്നുണ്ടോ?**

ഈ രംഗത്ത് കഴിവുള്ള സംഘടനാ പ്രവർത്തകരെ ഉൾപ്പെടുത്തി പരിശീലന പരിപാടികളും സോഷ്യൽ മീഡിയ ഇടപെടലുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സോഷ്യൽ മീഡിയ ആക്ടിവിസ്റ്റുകൾക്ക് വ്യത്യസ്ത വിഷയങ്ങളിലെ സംഘടനാ നിലപാടുകൾ അറിയിക്കൽ എന്നിവ ചെയ്യുന്നുണ്ട്. കൂടാതെ ടെക്നിക്കൽ കഴിവുകളുള്ള നൂറോളം ഐറ്റി പ്രൊഫഷനുകളുടെ ഒരു ടീമും സൈബർവിങ്ങിനുണ്ട്. സൈബർ ഇടങ്ങളിൽ സജീവമായ സംഘടനാ പ്രവർത്തകർക്കായി സൈക്കോൺ എന്ന പേരിൽ വർഷത്തിൽ ഒരിക്കൽ സൈബർവിങ് സംസ്ഥാന കമ്മറ്റി സൈബർ കോൺഫറൻസ് നടത്താറുണ്ട്. ഇതിലൂടെ നൂതന പരിശീലനങ്ങളും നിർദേശങ്ങളും നൽകാറുമുണ്ട്.

**5. സമിതിക്ക് കീഴിൽ ഓൺലൈൻ പോർട്ടൽ തുടങ്ങുന്നത് സംബന്ധിച്ച്?**

ഓൺലൈൻ പോർട്ടൽ എന്ന ആശയം നല്ലതാണെങ്കിലും സംഘടനക്ക് ഔദ്യോഗികമായി തുടങ്ങുമ്പോൾ പരിമിതികൾ ഉണ്ട്, എന്നാൽ അനൗദ്യോഗികമായി പല പ്രവർത്തകരും ഇത്തരത്തിൽ പോർട്ടലുകൾ ചെയ്യുന്നുണ്ട്. അതിനുദാഹരണമാണ് ഇസ്ലാംഓൺവെബ്, എന്നാൽ സംഘടനയുടെ ഔദ്യോഗിക മുഖപത്രമായ സത്യധാരയിലൂടെ നിലപാടുകൾ കൃത്യമായി പറയാറുണ്ട്, സത്യധാരയുടെ ഓൺ ലൈൻ എഡിഷൻ ഉണ്ടെങ്കിലും ജനകീയമല്ല, ഇൻഷാ അല്ലാ, അതിനെ കൂടുതൽ ജനകീയമാക്കുന്നതിനായി സൈബർവിങ് ഒരു പ്രൊജക്റ്റ് സമർപ്പിക്കാനിരിക്കുകയാണ്.

**6. ഹാക്കിംഗ് തടയാനും മറ്റും സംഘടനാ സംവിധാനങ്ങളും സ്ഥാപനങ്ങളും എത്രമാത്രം സൈബർ സാക്ഷരരാണ്..?**

ഇന്ന് വിലയുള്ളത് വിവരങ്ങൾക്കാണ്. അതിനാൽ തന്നെ പല രാജ്യങ്ങളും കോർപറേറ്റുകളെ കൂട്ടുപിടിച്ചു മറ്റു രാജ്യങ്ങളിലെ ജനങ്ങളുടെ വിവരങ്ങൾ ചോർത്താറുണ്ട്. മുൻപൊക്കെ ഹാക്കിങ് എന്നാൽ വെബ്സൈറ്റിലോ മറ്റോ നുഴഞ്ഞു കയറി അത് നശിപ്പിക്കലായിരുന്നെങ്കിൽ ഇന്ന് സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കുന്നതിലാണ് ഹാക്കർമാർക്ക് താൽപര്യം. അതിനാൽ തന്നെ സ്ഥാപനങ്ങളും മറ്റും ഓൺലൈനിൽ എന്തെങ്കിലും ചെയ്യുന്നുണ്ടെകിൽ അതിന്റെ സുരക്ഷ കൂടി പരിഗണിക്കേണ്ടതുണ്ട്. ഏറ്റവും സുരക്ഷിതമെന്നു അവകാശപ്പെടുന്ന പല സൈറ്റുകളും ഇന്ന് അറ്റാക്കിനു വിധേയമാവാറുണ്ട്. അതിനാൽ തന്നെ സ്വാകാര്യ വിവരങ്ങൾ പരമാവധി ഓൺലൈനിൽ സൂക്ഷിക്കാതിരിക്കുയാണ് നല്ലതു. അതുപോലെ ചിലർ വാട്സാപ്പ് ഗ്രൂപ്പുകളിലും മറ്റും ചില വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയ (മെമ്പർഷിപ്പ് വിവരങ്ങൾ പോലോത്ത) ഫയലുകൾ പോസ്റ്റ് ചെയ്യുന്നത് കാണാറുണ്ട്.. ഇതൊന്നും ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണ്.